ചെറുകിട തോട്ടം തൊഴിലാളികൾക്ക് പെൻഷൻ ഏർപ്പെടുത്തുന്നതിന് നടപടി

10(*39) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട തോട്ടം തൊഴിലാളികൾക്ക് പെൻഷൻ, ചികിത്സാ സൗകര്യങ്ങൾ തുടങ്ങിയ ആനുകൂല്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകാമോ ;

(സി) ഇതുമൂലം ഓരോ തൊഴിലാളിക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾ എത്രത്തോളമാണെന്ന് വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ,ബി&സി) ഉണ്ട്. ഇതിലേക്കായി ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ഓർഡിനൻസ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആനുകൂല്യങ്ങളുടെ വിശദാംശം സ്കീം തയ്യാറാക്കുന്ന മുറയ്ക്കേ വ്യക്തമാകൂ.

വൈദ്യുതി രംഗത്തെ നേട്ടങ്ങൾ

11(*40) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി രംഗത്ത് ഈ സർക്കാർ കൈവരിച്ച നേട്ടങ്ങൾ വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായി പിൻവലിക്കുമെന്നുള്ള വാഗ്ദാനം പാലിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) തെക്കെ ഇൻഡ്യയിൽ പവർ കട്ടും ലോഡ് ഷെഡ്ഡിംഗും പൂർണ്ണമായി പിൻവലിച്ചിട്ടുള്ള സംസ്ഥാനങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly